ഉചിതമായ സമയത്ത് പരിഗണിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ പ്രമേയം വി.എച്ച്. എസ്.ഇ. ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കുമ്പോൾ മലപ്പുറം ജില്ലയിൽ അനിമൽ ഹസ്ബന്ററി കോഴ്സ് തുടങ്ങുന്നകാര്യം പരിഗണിക്കുന്നതാണ്.

112 (474) ഐ. എച്ച്.ആർ.ഡി.യിലെ നിയമനങ്ങൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.യിലെ നിയമനങ്ങളിൽ അഴിമതി ഉണ്ടെന്ന് ചൂണ്ടിക്കാണിച്ച് നിവേദനമെന്തെങ്കിലും ഗവൺമെന്റിന് ലഭിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏത് സംഘടനയിൽ നിന്നാണെന്നും അതിന്റെ പ്രസിഡന്റ് ആരാണെന്നും വെളിപ്പെടുത്തുമോ;

(സി) ഐ.എച്ച്.ആർ.ഡി.യിലെ നിയമനങ്ങളിൽ അഴിമതി ഉണ്ടെന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നും, ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി.ഡയറക്ടർ അഴിമതി നടത്തിയതായി പരാതി (21-3-97) ലഭിച്ചിട്ടുണ്ട്.

(ബി) ഐ.എച്ച്.ആർ.ഡി. എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.

(സി) ഉണ്ട്.

(ഡി) പരാതി വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അന്വേഷണത്തിന് അയച്ചു കൊടുത്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല.

113 (488) റാങ്ക് പുനർ നിർണ്ണയം ചെയ്ത നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ നടത്തി പരസ്യം ചെയ്ത റാങ്കുലിസ്റ്റിൽ ഉൾപ്പെട്ട എത്ര കുട്ടികൾക്ക് റാങ്ക് പുനർ നിർണ്ണയം ചെയ്ത് പരസ്യം ചെയ്തതിനാൽ പ്രവേശനം ലഭിക്കാതെയുണ്ട്;

(ബി) മറ്റ് കോഴ്സുകൾക്ക് പ്രവേശനം കിട്ടിയിട്ടും മെഡിക്കൽ/എഞ്ചിനീയറിംഗ് കിട്ടുമെന്ന് ഉറപ്പിച്ചു നിന്ന ഇവർക്ക് ഒരിടത്തും അഡ്മിഷൻ കിട്ടാതെ വന്ന സാഹചര്യം കണക്കിലെടുത്ത് മുൻ ലിസ്റ്റിലുള്ള എല്ലാവർക്കും അഡ്മിഷൻ ഉറപ്പുവരുത്താൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly